(4) പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പുതിയ പദ്ധതികൾ-2.39 കോടി രൂപ.

(5) പട്ടികവർഗ്ഗ വ്യാപാര സമുച്ചയ നിർമ്മാണം, എറണാകുളം--2.50 കോടി രൂപ.

പട്ടികവർഗ്ഗ ഉപ പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം

(എസ്. സി. എ. ടു എസ്. സി. പി.)

അട്ടപ്പാടി ഹെൽത്ത് പ്രോജക്ട് (ആശുപത്രി കെട്ടിട നിർമ്മാണം)-1.00 കോടി രൂപ.

(ബി) പട്ടികജാതിക്കാർക്ക് സമർപ്പിച്ചിട്ടില്ല. പട്ടിക വർഗ്ഗക്കാർക്ക് ഉണ്ട്. പ്രാക്ത വർഗ്ഗക്കാരായ കോറഗ, കാട്ടുനായ്ക്ക, ചോലനായ്ക്ക കുറുമ്പ എന്നീ വിഭാഗങ്ങളുടെ കൃഷിയും മറ്റു തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള 15 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) എല്ലാ വകുപ്പുകളുടേയും ആവശ്യം ധനകാര്യ കമ്മീഷന് അപേക്ഷ നൽകുന്നത് ധനകാര്യ വകുപ്പാണ്. അതുകൊണ്ട് ഈ വകുപ്പിൽ നിന്നും പ്രത്യേക നടപടി സ്വീകരിച്ചിട്ടില്ല.

സംസ്ഥാനത്തെ നദീജലം അന്യ സംസ്ഥാനങ്ങളിലേക്ക് ചോർത്തിക്കൊണ്ട് പോകുന്നത് തടയാൻ നടപടി

*21 [51] ശ്രീ. സി. ടി. അഹമ്മദ് അലി :

,, കളത്തിൽ അബ്ദുള്ള :

,, യു. സി. രാമൻ :

,, ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉത്ഭവിക്കുന്ന നദികളിലെ ജലം അയൽ സംസ്ഥാനങ്ങളിൽ ചോർത്തിക്കൊണ്ടുപോകുന്നത് തടയാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ബി) ജലം ചോർത്തിക്കൊണ്ടുപോകുന്നത് തടയാൻ ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടിയിട്ടുണ്ടെന്ന് തെളിഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) അന്യസംസ്ഥാനങ്ങൾ കേരളത്തിൽ നിന്നും അനധികൃതമായി ജലം കടത്തുന്നുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ, തൃശ്ശൂർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബെയിസിനുകളുടെ ചുമതലയുള്ള എക്സി. എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും ഉള്ള ഒരു സംവിധാനം നിലവിലുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ സമയാസമയങ്ങളിൽ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കാറുണ്ട്.

(ബി) ജലം ചോർത്തിക്കൊണ്ടു പോകുന്നത് തടയാൻ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന തുക

*22 [52] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമത്തിനായി പ്രസ്തുത വകുപ്പിൽ നിന്നും ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ചുനൽകുന്ന തുക കൃത്യമായി ചെലവഴിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഈ വകുപ്പിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) പ്രസ്തുത വകുപ്പ് ത്രിതല പഞ്ചായത്തുകളിൽ നടത്തുന്ന അന്വേഷണത്തിന് നിയമസാധുതയുണ്ടോ;

(സി) ത്രിതല പഞ്ചായത്തുകളിലൂടെ അനുവദിക്കുന്ന പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവകുപ്പിന്റെ തുക കൃത്യമായും ചെലവഴിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ പ്ലാനിംഗ് ബോർഡ് താഴെ പറയുന്ന നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതങ്ങൾ കൃത്യമായും ആ വിഭാഗങ്ങളുടെ വികസനത്തിനു മാത്രമേ ചെലവഴിക്കാവൂ എന്നും തുക വകമാറ്റി ചെലവഴിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly